**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1032** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജലവിഭവ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഭിക്കുന്ന ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>ഏകദേശം വാർഷിക ശരാശരി 3000 എം.എം മഴയാണ് സാധാരണയായി കേരളത്തിൽ ലഭിക്കുന്നത്. 44 നദികളിലൂടെ ലഭ്യമാകുന്ന ജലം, ഭൂഗർഭജലം, ശുദ്ധജല തടാകങ്ങളിലെ ജലം എന്നിവയാണ് പ്രധാനമായും ജല ഉപയോഗത്തിനായി കേരളം വിലയിരുത്തിയിട്ടുള്ളത് കടുത്ത വരൾച്ച, അല്പവൃഷ്ടി, അതിവൃഷ്ടി ഭൂഗർഭ ജലത്തിന്റെ ശോഷിപ്പ്, സമുദ്രജലം ശുദ്ധീകരിക്കുന്നതിനുള്ള വലിയ ചെലവ്, മലിനീകരണം, കൂടിയ ഉപഭോഗ ശരാശരി എന്നിവയാണ് കേരളം പൊതുവെ നേരിടുന്ന പ്രശ്നങ്ങൾ.വർദ്ധിച്ചുവരുന്ന വ്യവസായിക ആവശ്യങ്ങൾ, കാർഷിക ആവശ്യങ്ങൾ, ഗാർഹിക ആവശ്യങ്ങൾ എന്നിവ നേരിടുന്നതിന് നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ ഭൂവിനിയോഗത്തിന്റെ തോത് വലിയ രൂപത്തിൽ വർദ്ധിച്ചതിനാൽ കിണറുകളും കുളങ്ങളും നിലനിൽക്കുന്നതിന് വലിയ പ്രതിസന്ധി നേരിടുന്നു. നെൽവയലിന്റെ വ്യാപ്തി കുറഞ്ഞു വരുന്നത് ഭൂഗർഭ ജലത്തിന്റെ റീചാർജിങ് തടസ്സമായിട്ടുണ്ട്.ശുദ്ധജലസ്രോതസ്സുകൾ സംരക്ഷിച്ചും മഴവെള്ള സംഭരണികൾ വ്യാപകമാക്കിയും, മലിനീകരണം തടഞ്ഞും ഭൂഗർഭ ജലത്തിന്റെ നില വർധിപ്പിച്ചും ഉപഭോഗം ക്രമപ്പെടുത്തിയും ആണ് ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടത്. നദിയിൽ നിന്നും പുഴകളിൽ നിന്നുമുള്ള മണലൂറ്റ് സാധാരണ അക്വിഫൈയറിന്റെ ശോഷിപ്പിനും പുഴകളുടെ ജലശേഷി കുറയുന്നതോടൊപ്പം എക്കലും മറ്റും അടിഞ്ഞുകൂടി ജലസംഭരണികളുടെ ശേഷി കുറയുന്നതും പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇവയെല്ലാം നേരിടുന്നതിനുള്ള ജലസംരക്ഷണ സമീപനമാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ജല ലഭ്യതയുടെ ഏറ്റക്കുറച്ചിൽ തിരിച്ചറിഞ്ഞ് ജല വർദ്ധനവിനും സംരക്ഷണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിലെ ഉപരിതല ജലസ്രോതസ്സുകളിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കേരളത്തിൽ ശരാശരി ലഭിക്കേണ്ട മഴയുടെ കുറവ് കണക്കിലെടുത്ത് നദികളിലും, ഡാമുകളിലും മറ്റ് ജലസ്രോതസ്സുകളിലും ലഭ്യമായിട്ടുള്ള ജലത്തിന്റെ അളവ് വിലയിരുത്തി വരൾച്ചയെ മുന്നിൽ കണ്ട്, ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിനും ഉപ്പുവെള്ളം കയറാതെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികളും കൂടാതെ ഡാമുകളിലെ ജലലഭ്യത കൃത്യമായി നിരീക്ഷിച്ചു ജലവിനിയോഗ മാനേജ്മെന്റ് ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>ഹരിതകേരളംമിഷന്റെ ഉപമിഷനായ "ജലസമൃദ്ധി" യുടെ ഭാഗമായി വിവിധ വകുപ്പുകളുടെ സഹകരണവും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംയോജിത നീർത്തടാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളിൽപെടുന്ന മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി മുഖാന്തിരവും, മണ്ണ് സംരക്ഷണം, മണ്ണ്-സർവ്വേവകുപ്പിന്റെ ഭാഗമായും നിർവ്വഹിക്കുന്നതിനൊപ്പം, കുളങ്ങളുടെ സംരക്ഷണവും സംഭരണ ശേഷി വർദ്ധിപ്പിക്കലും, നീർച്ചാലുകൾ/ തോടുകൾ/നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തനം, ഭൂജലപോഷണം സാധ്യമാകും വിധമുള്ള ചെറുതടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ (VCB) നിർമ്മിക്കുക, നദികളെ ചെറുസംഭരണികളാക്കി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തടയണ/ റെഗുലേറ്ററുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് ഭൂജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ/ ഭൂജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ മഴവെള്ളം പരമാവധി സംഭരിക്കുവാനും ഭൂജലപോഷണം സാധ്യമാക്കുന്നതുമായ വിവിധ പ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു.<br><br>കുടിവെള്ള പദ്ധതികൾക്കാവശ്യമായ വെള്ളം ഡാമുകളിൽ സംഭരിക്കുവാനായി കേരള വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പും സംയുക്തമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ പുഴകൾക്കു കുറുകേ താൽക്കാലിക/സ്ഥിരം തടയണ നിർമ്മിച്ചും പമ്പ് |

ഹൗസുകളിലെ പമ്പിംഗ് സമയം കൂട്ടിയും വേനലിൽ ജലലഭ്യത ഉറപ്പാക്കിവരുന്നു. 'ജൽജീവൻ മിഷൻ' പദ്ധതിയുടെ ഭാഗമായി Institutional Support Agency (ISA) കൾ മുഖേന ജലസംരക്ഷണത്തെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ വിവിധ മേഖലകളിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് റീചാർജ് pit വഴി, അനുയോജ്യമായ ഫിൽറ്റർ സംവിധാനത്തിലൂടെ തുറന്ന കിണറുകൾ റീചാർജ് ചെയ്യുക, ചെറിയ ചെക്ക് ഡാമുകളുടെ നിർമാണം, കുളങ്ങളുടെ നവീകരണം എന്നിവ വഴിയും ഭൂജലത്തെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഒരു പ്രദേശത്തെ ഭൂജലസമ്പത്തു വർധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കുഴൽ കിണറുകൾ റീചാർജജ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ചുരുങ്ങിയ സമയത്ത് പെയ്യുന്ന അതിതീവ്ര മഴ സംസ്ഥാനത്തെ ഉയർന്ന പ്രദേശങ്ങളിലെ മണ്ണിൽ അതിന്റെ വാഹക ശേഷിയേക്കാൾ കൂടുതൽ ജലം ശേഖരിക്കുക വഴി മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനു മൊക്കെ വഴിവയ്ക്കുന്നുണ്ട്. കാലങ്ങളായി ഓരോ പ്രദേശത്തും ഉണ്ടായിരുന്ന നീർച്ചാലുകളുടെ ശൃംഖലകൾ പല ഭാഗത്തും അടഞ്ഞുപോയതാണ് പലപ്പോഴും ഇത്തരം സ്ഥിതി വിശേഷം ഉണ്ടാകുന്നതിന് കാരണം. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ‘സുരക്ഷിതമാക്കാം പശ്ചിമഘട്ടം’ എന്ന പേരിൽ ഒരു ക്യാമ്പയിന് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'മാപത്തോൺ' പദ്ധതിയിൽപ്പെടുത്തി പശ്ചിമഘട്ട മേഖലയിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 217 ഇടങ്ങളിൽ ജനകീയ ഡിജിറ്റൽ നീർച്ചാൽ മാപിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. മാപിംഗ് പൂർത്തിയായ സ്ഥലങ്ങളിൽ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മൺസൂണുകൾക്ക് ശേഷമുള്ള മഴ ദിനങ്ങൾ കുറയുന്നത് വേനൽക്കാല ജലലഭ്യതയെ ബാധിക്കുന്നുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി അധിക ജലസംഭരണം സാധ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നു വരുന്നു. ഓരോ തദ്ദേശ

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനത്തിലും ഓരോ കാലയളവിലേയും ജല ആവശ്യവും ജല ലഭ്യതയും താരതമ്യം ചെയ്ത്, ജല ലഭ്യത കുറഞ്ഞ കാലയളവിൽ ജല ലഭ്യത ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായകരമായ രീതിയിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ ഭാഗമായി നടന്നു വരുന്നു. സംസ്ഥാനത്തെ 438 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ ജല ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>കേന്ദ്ര ഭൂജല ബോർഡ് സംസ്ഥാനത്ത് ക്രിട്ടിക്കൽ ബ്ലോക്കുകളായി കണ്ടെത്തിയിട്ടുള്ള 3 ബ്ലോക്കുകളിലും സെമി ക്രിട്ടിക്കൽ ബ്ലോക്കുകളായി കണ്ടെത്തിയിട്ടുള്ള 30 ബ്ലോക്കുകളിലും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള പ്രത്യേക ഇടപെടലുകൾ ഹരിതകേരളം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ ജലവിഭവം സംരക്ഷിക്കുന്നതിനായി ജലനയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്തെ ജലമേഖലയിലെ മാറിയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിലും 2012 ൽ പ്രസിദ്ധീകരിച്ച ദേശീയ ജലനയത്തിന്റെ വെളിച്ചത്തിലും 'സംസ്ഥാന ജലനയം 2008' പരിഷ്കരിക്കുന്നതിന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി, വിവിധ വകുപ്പുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി 14.11.2017 തീയതിയായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയവും തുടർന്നുള്ള കോവിഡ്-19 മഹാമാരിയും കാരണം പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാനായില്ല. തുടർന്ന് ഡ്രാഫ്റ്റിംഗ് കമ്മിറ്റി സമർപ്പിച്ച 'കരട് സംസ്ഥാന ജലനയം' നിരവധി തവണ ഡ്രാഫ്റ്റിംഗ് കമ്മിറ്റി വിശദമായി പരിശോധിക്കുകയും 27.09.2024 ൽ കൂടിയ യോഗതീരുമാനപ്രകാരം പൊതുജനങ്ങൾ, ജനപ്രതിനികൾ, ജലമേഖലയിലെ വിദഗ്ധർ എന്നിവരുടെ അഭിപ്രായം / നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിലേയ്ക്കായി 06.11.2024 ന് ഒരു ശില്പശാല സംഘടിപ്പിക്കുകയും പ്രസ്തുത ശിൽപ്പശാലയിൽ നിന്ന് ലഭിച്ച പോയിന്റുകൾ / നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് സമർപ്പിക്കപ്പെട്ട "കരട് സംസ്ഥാന ജലനയം, 2024" ഡ്രാഫ്റ്റിംഗ് കമ്മിറ്റി വിശദമായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ